# മൗദൂദിസത്തിനെതിരിൽ എന്തുകൊണ്ട്?

## ഭാഗം 03

കെ. ഉമർ മൗലവി

(സൽസബീൽ 1994, ഒക്ടോബർ 20)

കേരള ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപകനും പ്രഥമ അമീറുമായിരുന്ന മുഹമ്മദലി ഹാജിയും ഞാനും തമ്മിലുണ്ടായിരുന്ന സുഹൃദ് ബന്ധത്തെക്കുറിച്ച് മുൻ ലക്കങ്ങളിൽ പറഞ്ഞിരുന്നുവല്ലോ. ആദർശ പ്രചരണരംഗത്ത് അശ്രാന്ത പരിശ്രമിയും ഒരു ത്യാഗിയുമായിരുന്നു അദ്ദേഹം എന്നത് സ്മരിക്കാതിരുന്നുകൂടാ.

നന്നായി കിത്താബോതി പഠിച്ചു ഇസ്ലാമിനെ ശരിയാംവണ്ണം മനസിലാക്കിയ അദ്ദേഹം തന്റെ അറിവ് മൗദൂദിസത്തിന് നിരുപാധികം അടിയറ വെച്ചു. മസ്തിഷ്ക പ്രക്ഷാളനത്തിന്റെ ഏറ്റവും മുന്തിയ ഒരു ഉദാഹരണമായി എടുത്തു കാണിക്കാവുന്ന ഒന്നാണിത്. ഖേദകരം തന്നെ!

ഹാജി സാഹിബ്, ജമാഅത്തെ ഇസ്ലാമി എന്തെന്ന് എന്നെ ധരിപ്പിക്കുവാനായി മൗദൂദിയുടെ 'ഇസ്ലം മതം' എന്ന പുസ്തകം എനിക്ക് വായിക്കാൻ തന്നു. മലയാളത്തിൽ പ്രസിദ്ധീകൃതമായ മൗദൂദിയുടെ ആദ്യ ഗ്രന്ഥമാണിത്. പരിഭാഷകൻ ഹാജി സാഹിബ് തന്നെ. 'റിസാലേ ദീനിയാത്ത്' എന്ന ഉറുദു ഗ്രന്ഥത്തിന്റെ തർജ്ജമ. സെക്കണ്ടറി വിദ്യഭ്യാസത്തിന്റെ അവസാന ഘട്ടത്തിലും കോളേജ് പഠനത്തിന്റെ ആദ്യ ഘട്ടത്തിലുമുള്ള വിദ്യാർത്ഥികൾക്ക് ഇസ്ലാമിക തത്വങ്ങൾ യഥാവിധി പഠിക്കാൻവേണ്ടിയാണ് ഈ പുസ്തകം തയ്യാർ ചെയ്തിരിക്കുന്നതെന്ന് മുഖവുരയിൽ പറഞ്ഞിരുന്നു.

ആമുഖത്തിൽ മൗദൂദി സാഹിബ് ഇങ്ങനെ പറയുന്നു: "മതാദ്ധ്യായനത്തിന്റെ പഴയ സമ്പ്രദായങ്ങളിൽ നിന്നും മിക്കവാറും വിഭിന്നമായ വിശിഷ്യാ ആധുനിക ലോകത്തേക്ക് കൂടുതൽ ഫലപ്രദമായ ഒരു നവീന മാർഗം സ്വീകരിക്കുവാൻ ഞാനിതിൽ പരിശ്രമിച്ചിട്ടുണ്ട്." തുടർന്ന് ഇപ്രകാരം എഴുതി: "മതാദ്ധ്യായനത്തിൽ താരതമ്യേന കൂടുതൽ ഫലപ്രദമായ ഒരു നവീന രീതിയുടെ കവാടം ഈ ഗ്രന്ഥം മൂലം തുറക്കുവാനും ദൈവം അനുഗ്രഹിക്കട്ടെ".

ആമുഖം വായിച്ചപ്പോൾ സ്വാഭാവികമായും ആവേശമുണ്ടായി. വളരെ ശ്രദ്ധയോടെ പുസ്തകം വായിക്കാൻ തുടങ്ങി. ആർത്തിയോടെ ആരംഭിച്ച വായന ക്രമേണ തണുത്തു തുടങ്ങി. അതിഭയകരമായ വെറുപ്പ് മനസിൽ നിറഞ്ഞ അവസ്ഥയി

ലാണു വായന അവസാനിപ്പിച്ചത്. ഇസ്ലാമിൻെറ മൂല്യങ്ങളെ തകർക്കാൻ മനഃപൂർവ്വം പ്ലാനിട്ടു എഴുതിയതാണീ ഗ്രന്ഥം എന്ന് തോന്നിപ്പോയി. ഇസ്ലാമിൻെറ ശത്രുക്കളായ ഓറിയൻെറലിസ്റ്റ് പണ്ഡിതൻമാരെപ്പോലും കവച്ചു വെക്കുന്ന അവതരണ ശൈലി യാണ് പലേടത്തും കണ്ടത്. 'ഫലപ്രദമായ ഒരു നവീന രീതിയുടെ കവാടം ഈ ഗ്രന്ഥം മൂലം തുറക്കുവാൻ' എന്ന് മൗദൂദി തുടക്കത്തിൽ തന്നെ പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയാണെന്ന് എനിക്ക് ബോധ്യമായി. വളരുന്ന തലമുറയെ ഒരു മസ്തിഷ്ക പ്രക്ഷാളണനത്തിന് വിധേയമാക്കുവാൻ അദ്ദേഹം ബോധപൂർവ്വം ശ്രമിച്ചുവെന്നതിന് ഈ ഗ്രന്ഥം ഒന്നാം തരം ഉദാഹരണമാണ്.

"മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വത്തിനുള്ള തെളിവുകൾ" എന്ന ഉപ ഹെഡ്ഡിങ്ങിൽ പ്രസ്തുത ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"നാല്പത് വയസുവരെ ഇത്രയും വിശിഷ്ടവും പരിശുദ്ധവും പരിപാവനവും, മാന്യവുമായ ഉന്നത ജീവിതം നയിച്ചതിനു ശേഷം തൻെറ ചുറ്റുപാടും വ്യാപിച്ചു കി ടക്കുന്ന അന്ധകാരത്താൽ അദ്ദേഹം പരിഭ്രാന്തചിത്തനായി ഭവിക്കുന്നു. നാനാ ഭാഗത്തുനി ന്നും തന്നെ വലയം ചെയ്തിരിക്കുന്ന അജ്ഞത, ദുസ്വഭാവം, ദുഷ്കർമ്മം, അവ്യവസ്ഥി താവസ്ഥ, ശിർക്ക്, ബിംബാരാധന എന്നിതുകളാകുന്ന അന്ധകാരമായ സമുദ്രത്തിൽ നി ന്ന് അദ്ദേഹം രക്ഷനേടാനാശിക്കുന്നു. കാരണം, തൻെറ പ്രകൃതിക്കനുയോജ്യമായി യാതൊന്നും അവിടെയില്ല. അവസാനം ജനവാസ സ്ഥലങ്ങളിൽ നിന്നും ദൂരെ ഒരു പർവ്വത ഗുഹയിലെ ശാന്തവും ഏകാന്തവുമായ ചുറ്റുപാടിൽ അദ്ദേഹം പല ദിവസങ്ങൾ കഴിച്ചു കൂട്ടുന്നു; പട്ടിണി കിടന്നു ആത്മാവിനേയും ഹൃദയ മസ്തിഷ്കങ്ങളേയും കൂടുതൽ നി ർമ്മലവും പരിശുദ്ധവുമാക്കുന്നു. അവിടെയിരുന്നു ആലോചിക്കുന്നു. ചിന്താമഗ്നനായി പല രാത്രികൾ കഴിച്ചുകൂട്ടുന്നു. ചുറ്റുപാടും വ്യാപിച്ചു കിടക്കുന്ന അന്ധകാരത്തെ നീക്കം ചെയ്യാനുതകുന്ന ഒരു വെളിച്ചത്തെ അദ്ദേഹം അക്ഷമതയോടെ പരതുന്നു. അതെ, നാശഗർത്തത്തിൽ ആണ്ടുകിടക്കുന്ന ആ ദുഷിച്ച ലോകത്തെ അപ്പാടെ മാറ്റി പരിശുദ്ധവും സമാധാനപരവുമായ ഒരു നവലോകം കെട്ടിപ്പടുക്കാനുതകുന്ന ശക്തി തനിക്ക് കരഗതമായെങ്കിൽ എന്നദ്ദേഹം ആശിക്കുന്നു. പെട്ടന്നതാ അദ്ദേഹത്തിൻെറ സ്ഥിതിയിൽ വമ്പിച്ച ഒരു മാറ്റം പ്രത്യക്ഷപ്പെടുന്നു. അദ്ദേഹത്തിൻെറ പ്രകൃതി തേടിക്കൊണ്ടിരുന്ന വെളി ച്ചം പൊടുന്നനവേ അദ്ദേഹത്തിൻെറ ഹൃദയത്തിൽ പ്രത്യക്ഷപ്പെടുന്നു. മുമ്പൊരിക്കലും അനുഭവപ്പെടാത്ത ഒരു മഹാശക്തി പെട്ടെന്ന് അദ്ദേഹത്തിൽ വന്നു നിറയുന്നു. ഗുഹയില ഏകാന്തതവിട്ടു അദ്ദേഹം പുറത്തു വരുന്നു. (രണ്ടാം പതിപ്പ്, പേജ് 61-62)

ഈ ഭാഗം വായിച്ചു കഴിഞ്ഞപ്പോൾ പെട്ടെന്ന് മനസിൽ ചില ഖുർആൻ വചനങ്ങൾ തെളിഞ്ഞു വന്നു. "കവികളാകട്ടെ, ദുർമാർഗികൾ അവരെ പിന്തുടരുന്നു എല്ലാ താഴ്വരകളിലും അവർ അലഞ്ഞു നടക്കുന്നത് നീ കാണുന്നില്ലയോ (ശുഅറാഅ് 224, 225) ഇല്ലാത്ത ഒര സംഭവം, നടക്കാത്ത ഒരു കാര്യം ഭാവനയിൽ നിന്ന് കെട്ടിയുണ്ടാക്കി സുന്ദരമായ ഭാഷയിൽ അവതരിപ്പിച്ച് ജനഹൃദയങ്ങളെ ആകർഷിച്ച് വഴിപിഴപ്പിക്കാൻ ശ്രമിക്കുന്നവരെ സംബന്ധിച്ചാണ് ഖുർആൻ ഇവിടെ മുന്നറിയിപ്പ് നൽകുന്നത്.

ഖുർആൻെറ ഈ പ്രയോഗം മൗദൂദിസാഹിബിനു നന്നായി ഇണങ്ങുമെന്ന് പ്രവാചകത്വത്തെക്കുറിച്ച് എഴുതിയ ഭാഗം വായിച്ചപ്പോൾ എനിക്ക് തോന്നി.

ഇവ്വിഷയകമായി ഖുർആനും ഹദീസും നൽകുന്ന വ്യക്തമായ വിവരണങ്ങളെ നിസ്സങ്കോചം തള്ളിക്കൊണ്ട് എത്രയെത്ര കളവുകളാണ് കവിഭാവനയുടെ ആലങ്കാരികതയോടെ അല്ലാഹുവിൻെറ പ്രവാചകനെ സംബന്ധിച്ച് മൗദൂദി വിളമ്പിയത്?!

പട്ടിണി കിടന്നും നവലോകം കെട്ടിപ്പടുക്കാനുതകുന്ന ശക്തി തനിക്ക് കരഗതമായെങ്കിൽ എന്നദ്ദേഹം ആശിക്കുന്നു, അദ്ദേഹത്തിൻെറ പ്രകൃതി തേടിക്കൊണ്ടിരുന്ന വെളിച്ചം പൊടുന്നനേ അദ്ദേഹത്തിൻെറ ഹൃദയത്തിൽ പ്രത്യക്ഷപ്പെടുന്നു, ഒരു മഹാശക്തി പെട്ടെന്ന് അദ്ദേഹത്തിൻെറ ഹൃദയത്തിൽ വന്നു നിറയുന്നു, എന്നിതുകളായ പ്രയോഗങ്ങളൊക്കെയും തികഞ്ഞ വ്യാജവർത്തമാനങ്ങളാണ്. ആമുഖത്തിൽ പറഞ്ഞ വിദ്യാർത്ഥി ലോകത്തിൻെറ തലച്ചോറിൽ ക്യാൻസറിൻെറ വൈറസ് കുത്തിവെക്കുന്ന ഭയങ്കര കളവുകൾ!

അല്ലാഹു പറയുന്നു, “താങ്കൾക്ക് ഗ്രന്ഥം നൽകുന്നതിന് താങ്കൾ ആഗ്രഹിച്ചിരുന്നില്ല. പക്ഷെ താങ്കളുടെ രക്ഷിതാവിങ്കൽ നിന്നുള്ള കാരുണ്യത്താൽ (അവൻ ഗ്രന്ഥം നൽകി) അതുകൊണ്ട് താങ്കൾ ഒരിക്കലും അവിശ്വാസികളെ സഹായിക്കുന്നവനായിപ്പോകരുത്. (ഖസസ് 86) പ്രവാചകപദവി ലഭിക്കുന്നതിനു തൊട്ടുമുമ്പുള്ള ചരിത്ര സംഭവം മുതൽക്കു തന്നെ മൗദൂദി തൻെറ ‘നവീനരീതിയുടെ കവാടം’ തുറന്നിടുകയാണ് ചെയ്തത്. ഖുർആൻ പറയുന്നു ‘താങ്കൾ ആഗ്രഹിച്ചിരുന്നില്ല’ എന്ന്, മൗദൂദി പറയുന്നു, ‘നബി ഈ സ്ഥാനം ആശിച്ചു’ എന്ന്. “മതാദ്ധ്യയനത്തിൻെറ പഴയ സമ്പ്രദായങ്ങളിൽ നിന്നും മിക്കവാറും വിഭിന്നമായ, വിശിഷ്യാ ആധുനിക ലോകത്തേക്ക് കൂടുതൽ ഫലപ്രദമായ ഒരു നവീന മാർഗം സ്വീകരിക്കാൻ ഞാനിതിൽ പരിശ്രമിച്ചിട്ടുണ്ട്” എന്ന് ആമുഖത്തിൽ അദ്ദേഹം പറഞ്ഞതു തന്നെയാണ് വാസ്തവം. ഖുർആൻ അകലെ മാറ്റിവെച്ച് തൻെറ ഭാവനയിലൂടെ ഒരു പുതിയ മതം ആവിഷ്കരിക്കാൻ അദ്ദേഹം മിനക്കെട്ടു. ഭാവനയുടെ താഴ്വരകളിൽ അലഞ്ഞു നടക്കുന്ന ഇത്തരം ദുർമാർഗ സ്രഷ്ടാക്കളെക്കുറിച്ചാണ് ഖുർആൻ നബിയെ ഓർമ്മിപ്പിച്ചത്.

ഹിറാഗുഹയിൽ പോയി നബി(സ) പട്ടിണി കിടന്നുവത്രെ! മദ്റസകളിൽ പ്രാഥമിക പഠനം തേടുന്ന വിദ്യാർത്ഥികൾക്കുപോലും ഹിറാഗുഹയിലെ ചരിത്ര സംഭവങ്ങൾ മനഃപാഠമാണ്. നബി(സ) ഏകാന്തവാസത്തിന് ഗുഹയിലേക്ക് പോകുമ്പോൾ ഭക്ഷണം കൊണ്ടു പോകും അത് തീർന്നാൽ വീട്ടിൽ വന്ന് വീണ്ടും കൊണ്ടുപോകും വരാൻ വൈകുന്നതായി കണ്ടാൽ ഖദീജ(റ) ഭക്ഷണം അങ്ങോട്ട് എത്തിച്ചിരുന്നതായും ഹദീസ് ഗ്രന്ഥങ്ങളിൽ റിപ്പോർട്ടുകളുണ്ട്. അവിടെ അല്ലാഹുവിനുള്ള ആരാധനയിൽ മുഴുകിയിരുന്നതായി ഹദീസുകളിൽ പറയുന്നു. അങ്ങനെ കുറെ ദിവസങ്ങൾ ഈ ഏകാന്തവാസം കടന്നുപോയി. ഒരു ദിവസം പെട്ടെന്ന് ഒരാൾ പ്രത്യക്ഷപ്പെട്ടു ‘വായിക്കുക’ എന്നു നബി (സ)യോടു ആവശ്യപ്പെട്ടു. ‘എനിക്ക് വായന അറിയില്ലല്ലോ’ എന്നു നബി ഉത്തരം നല്കി. അപ്പോൾ വന്നയാൾ നബിയെ ബലമായി പിടിച്ച് മാറോടണച്ചു. ‘വായിക്കുക’ എന്ന്

വീണ്ടും പറഞ്ഞു. അപ്പോഴും നബി(സ) മേൽപ്രകാരം മറുപടി നല്കി. വീണ്ടും മാറോടു ചേർത്തണച്ചു. ഇങ്ങനെ മൂന്നു പ്രവാശ്യം നടന്നു. ശേഷം സൂറത്തുൽ 'അലഖ്'ൽ നിന്നുള്ള ഏതാനും വചനങ്ങൾ ചൊല്ലിക്കൊടുക്കുകയും നബി അത് ഹൃദിസ്ഥമാക്കുകയും ചെയ്തു. വന്നയാൾ അപ്രത്യക്ഷനായി. സംഭവത്തിൻെറ പൊരുൾ എന്തെന്ന് നബിക്ക് മനസിലായില്ല. പരിഭ്രാന്തനായി പേടിച്ച് വിറച്ച് വേഗം വീട്ടിലെത്തി പത്നി ഖദീജ(റ)യോടു വിവരം ധരിപ്പിച്ചു. "എന്നെ പുതപ്പിക്കൂ എൻെറ ആത്മാവിനെക്കുറിച്ച് ഞാൻ ഭയപ്പെടുന്നു" എന്നു പറഞ്ഞു. ഖദീജ(റ) അദ്ദേഹത്തെ പുതപ്പിച്ചു. സമാശ്വസിപ്പിച്ചു. "അല്ലാഹു താങ്കളെ ഒരിക്കലും അപമാനിക്കുകയില്ല" എന്ന് സാന്ത്വനപ്പെടുത്തി. അനന്തരം അവരുടെ ഒരു ബന്ധുവും വേദപരിജ്ഞാനിയും കൃസ്ത്യാനിയുമായിരുന്ന വറക്കത്തുബ്നു നൗഫലിനെ വിവരം ധരിപ്പിച്ചു. സംഭവഗതികൾ കൃത്യമായി അറിഞ്ഞ ആ വേദവിജ്ഞാനി അപ്പോൾ പറഞ്ഞു, 'മൂസയുടേയും ഈസയുടേയും അടുക്കൽ വന്ന അതേ ദൈവദൂതൻ തന്നെയാണ് അദ്ദേഹത്തിൻെറ അടുക്കലും വന്നിട്ടുള്ളത്. അദ്ദേഹത്തെ അല്ലാഹു പ്രവാചകനാക്കിയിരിക്കുന്നു എന്നാണ് ഞാൻ മനസിലാക്കുന്നത്'. ഈ വിശദീകരണത്തിലൂടെയാണ് നബി(സ)ക്ക് യാഥാർത്ഥ്യം ഗ്രഹിക്കാൻ വഴിയൊരുങ്ങിയത്. അങ്ങനെ പരിഭ്രാന്തിക്ക് ഒട്ടൊരു ആശ്വാസം ലഭിക്കുകയും ചെയ്തു.

ഇവിടെ അല്ലാഹു അതിമഹത്തായ ഒരു യുക്തി പ്രയോഗിച്ചിരിക്കുകയാണ്. നബി (സ) പ്രവാചകത്വം ആദ്യമായി മനസിലാക്കുകയും അംഗീകരിപ്പിക്കുകയും പ്രഖ്യാപിപ്പിക്കുകയും ചെയ്തത് വേദജ്ഞാനിയും സത്യസന്ധനുമായ ഒരു കൃസ്ത്യാനിയെ കൊണ്ടായിരുന്നു. മഹത്തായ യുക്തിയുടെ ഉടമയായ അല്ലാഹുവിന് സ്തുതി! ഇതെല്ലാം സർവ്വസമ്മതമായ ഹദീസുകളിൽ വന്നിട്ടുള്ള വിഷയങ്ങളാണ്.

ഇതൊക്കെ അറിയാത്ത ആളാണോ മൗദൂദി സാഹിബ്?! അല്ല. പക്ഷെ ആധുനിക ലോകത്തേക്ക് ഫലപ്രദമായ ഒരു നവീന രീതിയുടെ കവാടം തുറക്കുകയായിരുന്നു അദ്ദേഹം. അല്ലാഹുവിൻേറയും പ്രവാചകൻേറയും പേരിൽ വ്യക്തമായ കളവ് കെട്ടി പറഞ്ഞുകൊണ്ടുതന്നെ!

ഹിന്ദുവേദ പുരാണങ്ങളിലെ മഹർഷിമാരുടെ തപസിൻെറ കഥകളോടു സാമ്യപ്പെടുത്തുകയാണോ മുഹമ്മദ് നബിയുടെ പ്രവാചക ലബ്ധിയെ? "പട്ടിണി കിടന്നു ആത്മാവിനേയും മസ്തിഷ്കത്തേയും നിർമ്മലമാക്കി"യത്രെ! മഹർഷികളും ഇതാണു ചെയ്തിരുന്നതെന്ന് പുരാണങ്ങളിൽ പറയുന്നുണ്ട്. പട്ടിണി കിടന്നു കൊടും തപസ് അനുഷ്ഠിച്ച് 'ദൈവങ്ങളെ' നിർബന്ധിതരാക്കി ആശിച്ച കാര്യങ്ങൾക്കുള്ള വരം നേടലായിരുന്നു തപസിൻെറ കഥ! ഭൗതികമായ എല്ലാ കെട്ടുപാടുകളിൽ നിന്നും വിട്ടകന്നു ദൈവപ്രീതിമോഹിച്ച് കാടുകയറിയ സൂഫി സിദ്ധാന്തവും ഏതാണ്ട് ഇതിനോടൊക്കുന്നതാണ്. ഈ വൈകൃതങ്ങളൊക്കെ മൗദൂദിയുടെ മസ്തിഷ്കത്തെ വല്ലാതെ സ്വാധീനിച്ചതായി സംശയിക്കാൻ വക നൽകുന്നു. സ്വന്തം തലച്ചോറിൽ കയറിയ വിഷബീജത്തെ ഒരു നവീന കവാടം തുറന്നു സമുദായത്തിൻെറ രക്തത്തിലേക്ക് സംക്രമിപ്പിക്കാൻ ശ്രമിക്കുകയാണു അദ്ദേഹം ചെയ്തത്.

ജിബ്രീൽ(അ) എന്ന മലക്ക് വന്നു ഖുർആൻ ഓതിക്കൊടുത്തശേഷം അപ്രത്യക്ഷ്യമായ വിവരം നാം ഹദീസിൽ നിന്നും പഠിച്ചു. മനുഷ്യവേഷത്തിൽ പ്രത്യക്ഷപ്പെട്ട അപരിചിതൻ മലക്കായിരുന്നുവെന്ന് നബി അറിഞ്ഞിരുന്നില്ല. അതാണു ഭയത്തിനും പരിഭ്രമത്തിനും ഹേതുവായത്. എന്നാൽ മൗദൂദി പറയുന്നത് "അദ്ദേഹത്തിൻെറ പ്രകൃതി തേടിക്കൊണ്ടിരുന്ന വെളിച്ചം പൊടുന്നനവേ അദ്ദേഹത്തിൻെറ ഹൃദയത്തിൽ പ്രത്യക്ഷപ്പെടുന്നു" ഹദീസിൽ പറയുന്ന സംഭവങ്ങളോ മലക്കും നബിയും തമ്മിലുണ്ടായ സംഭാഷണങ്ങളുടെ വിവരണങ്ങളോ മൗദൂദി സ്വീകരിക്കുന്നില്ല. ഹൃദയത്തിൽ ഒരു ബോധോദയം ഉണ്ടായി എന്നാണ് അദ്ദേഹത്തിൻെറ വാദം. ഈ ബോധോദയ സിദ്ധാന്തത്തിലൂടെ, ഖുർആൻ നബി(സ)യുടെ സ്വയം കൃതിയാണെന്നുള്ള ഓറിയൻറലിസ്റ്റുകളുടെ ജൽപനത്തിന് മാല ചാർത്തുകയാണ് മൗദൂദിസം ചെയ്തത്. 'നവീന രീതിയുടെ കവാടം ഈ ഗ്രന്ഥം മൂലം തുറക്കുന്നു' എന്നദ്ദേഹം സമർത്ഥിച്ചത് എത്ര സത്യം!

കേരള ജമാഅത്തെ ഇസ്ലാമിയുടെ സ്ഥാപകനേതാവായ മുഹമ്മദാലി ഹാജി ഈ ഗ്രന്ഥത്തിന് 'ഇസ്ലാം മതം' എന്നു തന്നെ ധൈര്യമായി നാമകരണം ചെയ്തു! ഇസ്ലാമിനെ ശരിയായി പഠിച്ചറിഞ്ഞ ഒരു പണ്ഡിതനായിരുന്നു ഹാജി സാഹിബ് എന്നെനിക്കറിയാം. കെ. സി. അബ്ദുല്ല മൗലവി അടക്കം ഇന്ന് ജീവിച്ചിരിക്കുന്ന അവരുടെ പഴയ നേതാക്കളും ശരിക്ക് കിത്താബോതി പഠിച്ച പണ്ഡിതൻമാരാണ്. പക്ഷെ മൗദൂദി സത്തോടുള്ള അനുരാഗാത്മകമായ ഭ്രമം മൂലം അവരൊക്കെയും ഒരു തരം 'ബ്രൈൻവാഷി'ന് വിധേയമായിരിക്കുന്നു. അതുകൊണ്ടാണ് നബി(സ), പ്രവാചകത്വം ആശിച്ചു നേടിയതാണെന്നുള്ള അതിനീചവും ക്രൂരവുമായ കളവ് അപ്പടി അവർ ഏറ്റെടുത്തത്. ഇസ്ലാമിൻെറ മൂല്യങ്ങളെ അവഹേളിക്കുന്ന, പ്രവാചകനെ നിന്ദിക്കുന്ന ഒരു കൽപിത സിദ്ധാന്തം കുത്തിത്തിരുകിയ ഈ ക്ഷുദ്രകൃതിക്ക് 'ഇസ്ലാം മതം' എന്നു പേരിട്ട് ഇന്നും അത് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതു 'ബ്രൈൻവാഷ്'ന് അടിമപ്പെട്ടതിനാലാണ്.

മൗദൂദിസം രിസാലാത്തിനെ അപകീർത്തിപ്പെട്ടുത്തിയിരിക്കുന്നു. അതിനാൽ ഞാൻ മൗദൂദിസത്തെ ശക്തിയായി എതിർക്കുന്നു.